III. സബ്മിഷൻ

(1) പാലക്കാട് ജില്ലയിൽ ഒഴിഞ്ഞു കിടക്കുന്ന അദ്ധ്യാപക തസ്തികകൾ പി.എസ്.സി. മുഖേന നികത്താൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. വി. കെ. ചന്ദ്രൻ: സർ, പാലക്കാട് ജില്ലയിലെ വിവിധ സ്കൂളുകളിൽ 324 അദ്ധ്യാപകരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ഇപ്പോൾ കാർട്ടർലി എക്സാമിനേഷൻ നടക്കുകയാണ്. അദ്ധ്യാപകർ ഇല്ലാത്തതുകൊണ്ട് വിദ്യാർത്ഥികൾ പഠനത്തിന് വളരെയേറെ പ്രയാസം അനുഭവിക്കുകയാണ്. എച്ച്.എസ്.എ.-167, യു.പി.-103, പി.ഡി. ടീച്ചർ-39, തമിഴ്-15 ഇത്രയും തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത്. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. അടിയന്തിരമായി റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്താൻ നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): സർ, പാലക്കാട് ജില്ലയിൽ ആകെ ഒഴിവുള്ള അദ്ധ്യാപക തസ്തികകൾ 308 ആണ്. ഹൈസ്ക്കൂൾ വിഭാഗത്തിൽ 115-ഉം പ്രൈമറി വിഭാഗത്തിൽ 178-ഉം തമിഴ് വിഭാഗത്തിൽ 15-ഉം ഒഴിവുകളുണ്ട്. നിലവിലുള്ള സർക്കാർ തീരുമാനപ്രകാരം 60 ശതമാനം തസ്തികകൾ നികത്തുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. പ്രൈമറി വിഭാഗത്തിൽ 178 ഒഴിവുകൾ പി.എസ്.സി.-ക്ക് ഇതിനകം റിപ്പോർട്ട് ചെയ്തുകഴിഞ്ഞു. അതിൽ നിയമപ്രകാരമുള്ള നിയമനം ഉടനെ നടത്തുന്നതാണ്. കണക്ക്, സയൻസ് എന്നീ വിഷയങ്ങളിൽ ഒഴിവുള്ള 10 വീതം സീറ്റുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുകഴിഞ്ഞു.

(2) മണലി എയ്ഡഡ് എൽ.പി. സ്കൂൾ യു.പി. സ്കൂളായി ഉയർത്താൻ നടപടി

ശ്രീ. ടി.വി. ചന്ദ്രമോഹൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ മണലി എയ്ഡഡ് എൽ.പി. സ്കൂൾ യു.പി. സ്കൂളായി ഉയർത്തണമെന്നുള്ള നിവേദനം ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് പലതവണ തന്നിരുന്നു. അത് പഞ്ചായത്തിലെ ഏക യു.പി. സ്കൂളായിരിക്കും. അതുകൊണ്ടുതന്നെ ഞാൻ മാത്രമല്ല, ഗ്രാമപഞ്ചായത്തും ജില്ലാ പഞ്ചായത്തും പ്രമേയങ്ങൾ പാസ്സാക്കിയിട്ടുണ്ട്. എന്നാൽ അതിനെപ്പറ്റി, ഒരു നടപടിയും ഉണ്ടായില്ല. ബഹുമാനപ്പെട്ട കോടതിയെ സമീപിച്ചപ്പോൾ ഈ കാര്യം കൺസിഡർ ചെയ്യണമെന്ന് ഉത്തരവുണ്ടായി. അതിനുശേഷം എയ്ഡഡ് മേഖലയിൽ സ്കൂളുകൾ അനുവദിച്ചു ഈ ഗവൺമെന്റ്. നേരത്തെ സാമ്പത്തികമായി ബുദ്ധിമുട്ടുള്ളതുകൊണ്ട് എയ്ഡഡ് സ്കൂളുകൾ അനുവദിക്കില്ലെന്നു പറഞ്ഞപ്പോൾ ഞങ്ങൾ അതിൽനിന്ന് പിൻവാങ്ങിയതായിരുന്നു. ഇപ്പോൾ സ്കൂളുകൾ അനുവദിക്കുകയാണ്. അങ്ങനെ സ്കൂളുകൾ അനുവദിച്ചതിനുശേഷം 1995-ൽ പരിഗണനയിൽ ഇരിക്കുന്നതായ ഈ സ്കൂളിന്റെ കാര്യം അങ്ങ് പ്രത്യേക താൽപ്പര്യം എടുത്ത് അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): സർ, നമ്മുടെ സംസ്ഥാനത്ത് യു.പി. സ്കൂളുകളാക്കേണ്ടതായ എയ്ഡഡ് എൽ.പി. സ്കൂളുകളുടെ എണ്ണം ഞാൻ കഴിഞ്ഞ ദിവസം നിയമസഭയിൽ പറഞ്ഞിരുന്നു. അഞ്ചാം ക്ളാസ് നിലനിൽക്കുന്ന എൽ.പി. സ്കൂളുകൾ യു.പി. സ്കൂളുകളാക്കേണ്ടതുണ്ട്. ആ ഗണത്തിൽപ്പെടുന്ന എയ്ഡഡ് സ്കൂളാണിത്. ഇത് ബഹുമാനപ്പെട്ട മെമ്പർ പലതവണ ആവശ്യപ്പെട്ടെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതി പരിഗണിക്കണമെന്നുള്ള.....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: എല്ലാ മാനേജുമെൻറുകൾക്കും ലക്ഷങ്ങൾ വാങ്ങാം. അതാണ് കുഴപ്പം. എന്നിട്ട് ഗവൺമെന്റ് സ്കൂൾ തുടങ്ങാൻ പറയും.

ശ്രീ. നാലകത്ത് സൂപ്പി: ഏതായാലും ഗവൺമെന്റ് ഇക്കാര്യം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഇത്രയെ പറയാൻ പറ്റുകയുള്ളു.

(3) ആനത്തോട്-പമ്പ അണക്കെട്ടുകൾ തകരുവാൻ സാദ്ധ്യതയുണ്ടെന്ന വാർത്തയെതുടർന്ന് ഉണ്ടായിരിക്കുന്ന ഗുരുതരാവസ്ഥ

ശ്രീ. രാജു എബ്രഹാം: കേരളത്തിലെ ഏറ്റവും നീളം കൂടിയ ആനത്തോട് അണക്കെട്ട് ഏത് സമയവും തകർന്ന് വീഴുന്ന സ്ഥിതിയിലാണ്. ഡാം സേഫ്ടി റീഹാബിലിറ്റേഷൻ ഡയറക്ടറേറ്റ് ഓഫ് സെൻട്രൽ വാട്ടർ കമ്മീഷൻ, ഡൽഹി നടത്തിയ പഠനത്തിൽ ഡാം ഏത് സമയവും തകർന്ന് വീഴാമെന്നും വൻദുരന്തമുണ്ടാകാമെന്നും മുന്നറിയിപ്പ് നൽകിയിരിക്കുകയാണ്. ഇന്നലെ സഭയിൽ തന്ന രേഖാമൂലമുള്ള മറുപടിയിൽ ഡാമിന് അപകടാവസ്ഥ ഇല്ല എന്നും അറ്റകുറ്റപ്പണി നടത്തിയാൽ മതിയെന്നുമാണ് പറഞ്ഞിരിക്കുന്നത്. പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ ഏഴ് ലക്ഷം കുടുംബങ്ങൾ, 30 ലക്ഷം ജനങ്ങൾ അവരുടെ ജീവൻ വൈദ്യുതി ബോർഡ് പന്താടരുത് എന്ന് മാത്രമാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതിന് നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ, ശബരിഗിരി വൈദ്യുത പദ്ധതിയുടെ 1966-67 വർഷങ്ങളിൽ പണി പൂർത്തിയായ ആനത്തോട്-പമ്പ എന്നീ അണക്കെട്ടുകൾ കേന്ദ്ര ജല കമ്മീഷന്റെ ഡാം സേഫ്ടി റിഹാബിലിറ്റേഷൻ ഡയറക്ടറേറ്റ് പരിശോധിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഇവർ പ്രീമൺസൂൺ ഇൻസ്പെക്ഷനും പോസ്റ്റ് മൺസൂൺ ഇൻസ്പെക്ഷനും നടത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ ആനത്തോടിൽ കണ്ടു വരുന്ന ചോർച്ച ഫലപ്രദമായി തടയുന്നതിനുവേണ്ടി സാങ്കേതിക മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക, ഡിസൈൻ നൽകുക എന്നിവ കൺസൾട്ടൻസി അടിസ്ഥാനത്തിൽ ചെയ്യാൻ കേന്ദ്ര ജല കമ്മീഷൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. ഇതിന് 3.43 ലക്ഷം രൂപയാണ് കേന്ദ്ര ജല കമ്മീഷന്റെ ഡാം സേഫ്ടി റിഹാബിലിറ്റേഷൻ ഡയറക്ടറേറ്റ് ആവശ്യപ്പെട്ടത്. താരതമ്യേന ചെലവു കുറഞ്ഞ മറ്റ് മാർഗ്ഗങ്ങൾ പരിശോധിക്കുവാൻ ബോർഡ് ആവശ്യപ്പെട്ട സാഹചര്യത്തിൽ വൈദ്യുതി ബോർഡിലെ ചീഫ് എഞ്ചിനീയർ, റിസർച്ച് ഓർഗനൈസേഷൻ, പള്ളം മറ്റ് ഫീൽഡ് എഞ്ചിനീയർമാരോടൊപ്പം 23-6-2003-ൽ ആനത്തോട്, പമ്പ ഡാമുകൾ പരിശോധിക്കുകയുണ്ടായി. ആനത്തോട് ഡാമിന്റെ പരിശോധനയിൽ ഡാമിൽനിന്ന് കൂടിയ അളവിൽ വെള്ളം ഊർന്നു വരുന്നുണ്ടെങ്കിലും (സിപ്പേജ്) ആശങ്കാജനകമായ സ്ഥിതിവിശേഷമൊന്നും ഇല്ലെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ഇപ്പോൾ അപകടാവസ്ഥയിൽ അല്ലെങ്കിലും കാലപ്പഴക്കം കാരണം ആനത്തോട്, പമ്പ എന്നീ ഡാമുകളുടെ സുരക്ഷിതത്വത്തിന് ചില അറ്റകുറ്റപ്പണികൾ ചെയ്യേണ്ടതായിട്ടുണ്ട്. ഈ ഡാമുകളുടെ സുരക്ഷിതത്വത്തിന് വേണ്ട അറ്റകുറ്റപ്പണികളെ സംബന്ധിച്ച് കൂടുതൽ പഠനങ്ങൾ നടത്തി സുരക്ഷിതത്വത്തിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(4) തൃശ്ശൂർ മെഡിക്കൽ കോളേജിൽ പാരാമെഡിക്കൽ കോഴ്സിന് പഠിക്കുന്ന പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഹോസ്റ്റലിൽ ഭക്ഷണം ലഭ്യമാക്കാൻ നടപടി

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, തൃശ്ശൂർ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് പട്ടിക ജാതി പട്ടിക വർഗ്ഗ കുട്ടികൾക്ക് പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിവരുന്നുണ്ട്. ആ ഇൻസ്റ്റിറ്റ്യൂട്ടിലെ ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്ന കുട്ടികൾക്ക് ഭക്ഷണം കിട്ടാത്ത

LIBRARY ARCHIVES Kerala Legislative Assembly